MR. C. SANKARA MENON—ADJUDICATOR—DETAILS REGARDING APPOINTMENT

6. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമോ.—

(എ) അഡ്ജൂഡിക്കേറ്റർ മിസ്റ്റർ സി. ശങ്കരമേനവനു് വയസ്സെത്രയായി;

(ബി) അദ്ദേഹത്തിന്റെ അഡ്ജൂഡിക്കേറ്റർ ഉദ്യോഗത്തിനു് വല്ല കാലാവധിയും നിശ്ചയിച്ചിട്ടുണ്ടോ;

(സി) അഡ്ജൂഡിക്കേഷനുള്ള കേസ്സുകളുടെ സംഖ്യ വർദ്ധിക്കുന്നോ, കുറയുന്നോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) 66 വയസ്സു കഴിഞ്ഞു.

(ബി) ഉവ്വു്. ക്രമപ്രകാരം അവസാനംവരെ.

(സി) ഫാംടൈം അഡ്ജൂഡിക്കേറ്ററെ നിയമിച്ച തിയതിയിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ കേസ്സുകൾ ഇപ്പോൾ നിലവിലുണ്ടു്.

മിസ്റ്റർ കെ. എ. രാഘവൻ: മിസ്റ്റർ ശങ്കരമേനവനു് 66 വയസ്സു കഴിഞ്ഞിട്ടു് എത്ര നാളായി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മൂന്നരനാലു മാസമായി എന്നാണു് തോന്നുന്നതു്.

മിസ്റ്റർ കെ. എ. രാഘവൻ: ക്രമപ്രകാരം കഴിഞ്ഞാൽ ഇതു് പിന്നേയും എക്സ്റ്റൻഡ് ചെയ്യാനാണൊ ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് നിശ്ചയിച്ചിട്ടില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ക്രമപ്രകാരം-ലെ ബഡ്ഡറിൽ മൂന്നു മാസത്തേക്കുകൂടി അഡ്ജൂഡിക്കേഷനുവേണ്ടി വക കൊള്ളിച്ചിട്ടുള്ളതായി കാണുന്നുണ്ടു്. അതുകൊണ്ടാണു ചോദിക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബഡ്ഡറിൽ വക കൊള്ളിച്ചിട്ടുള്ളതുകൊണ്ടു് ഇതു നീട്ടേണമെന്നർത്ഥമില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ഇപ്പോൾ നിലവിലുള്ള കേസ്സുകൾ, അഡ്ജൂഡിക്കേറ്റു് ചെയ്തുകഴിഞ്ഞാലും അഡ്ജൂഡിക്കേഷൻ ഉദ്യോഗം നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് നീട്ടാൻമാത്രമല്ല, സ്ഥിരമാക്കാൻതന്നെയുള്ള ഉദ്ദേശത്തോടുകൂടിയ ഒരു ബിൽ—ട്രേഡ് ഡിസ്പ്യൂട്ട് ബിൽ—ഈ നിയമസഭയിൽതന്നെ കൊണ്ടുവരുന്നുണ്ടു്. അതിൽ സ്ഥിരമായി, അഡ്ജൂഡിക്കേറ്റർ എന്നോ, തൊഴിൽതർക്ക ജഡ്ജി എന്നോ, ഉള്ള തരത്തിൽ ഒരു ഉദ്യോഗം വിഭാവനംചെയ്യുന്നുണ്ടു്. അങ്ങിനെയുള്ള ഉദ്യോഗം ഏർപ്പെടുത്തി, തൊഴിൽതർക്കം തീരുമാനിക്കുന്നതുവരെ, രാജ്യരക്ഷാചട്ടങ്ങളിലെ നിബന്ധനയനുസരിച്ചാണു് തൊഴിൽതർക്കം തീരുമാനിക്കുന്നതു്. ഇതു് താല്ക്കാലികമായിട്ടുള്ള ഒരു നിയമമാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അപ്പോൾ തൊഴിൽതർക്കം സ്ഥിരമായി കൊച്ചിയിൽ ഉണ്ടാകുമെന്നാണൊ വിചാരിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതില്ല. ട്രേഡ് ഡിസ്പ്യൂട്ട് ബിൽ കൊണ്ടുവരുന്നതു്, തൊഴിലാളികളും മുതലാളികളും തമ്മിൽ ഉണ്ടാകുന്ന തർക്കങ്ങളെ തീർക്കാനുള്ള ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനാണു്. ആശുപത്രികൾ ഉണ്ടാകുന്നതുകൊണ്ടു് നാട്ടിലെല്ലാവരും രോഗികളായിത്തീരുമോ എന്നു ചോദിക്കുന്നതുപോലെയാണിതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതുപോലെയുള്ള ചോദ്യമല്ലാ, ഞാൻ ചോദിച്ചതു്. ബഹുമാനപ്പെട്ട മന്ത്രി അങ്ങിനെ ധരിച്ചു എങ്കിൽ അതു് എന്റെ കുറ്റംകൊണ്ടല്ല; അദ്ദേഹത്തിന്റെ കുറ്റംകൊണ്ടാണു്. എന്റെ ചോദ്യം ഞാൻ ഒന്നുകൂടി ആവർത്തിക്കാം: തൊഴിൽതർക്കങ്ങളും കൊച്ചിയെ വിട്ടുപിരിയാതെ എന്നും നിലനിൽക്കുമോ എന്നാണു് തൊഴിലാളിമന്ത്രിയോടു് ഞാൻ ചോദിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്ത്യയിൽ എവിടെയും ഉള്ളതിനേക്കാൾ തൊഴിൽതർക്കം ഇവിടെ കുറവാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആരുടെയെങ്കിലും ആവശ്യത്തിനുവേണ്ടിയാണൊ ഈ ഉദ്യോഗം സൃഷ്ടിക്കുന്നതു്; അതൊ തൊഴിൽതർക്കം തീർക്കുന്നതിനുവേണ്ടിയോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തൊഴിലാളികളും മുതലാളികളും തമ്മിലുള്ള തർക്കത്തിനു് തീരുമാനമുണ്ടാക്കാനാണു് ഇങ്ങിനെ ഒരു ഉദ്യോഗസ്ഥൻ വേണമെന്നു് നിശ്ചയിക്കുന്നതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇപ്പോൾ നിയമിച്ച അഡ്ജൂഡിക്കേറ്റർ രണ്ടു ഭാഗത്തേയും വാദങ്ങൾ കേട്ടാണൊ തീർപ്പുചെയ്യുന്നതു്; അതൊ, ഒരു ഭാഗത്തെമാത്രം വാദം കേട്ടാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏതു ഭാഗമുണ്ടൊ, അതുരണ്ടുഭാഗത്തെ വാദങ്ങളും കേൾക്കും.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അങ്ങിനെയാണു് ഇപ്പോൾ അദ്ദേഹം ചെയ്യുന്നതു് എന്നു് അനേഷിച്ചിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണു് ഇപ്പോൾ അദ്ദേഹം ചെയ്യുന്നതു്. ഒരു തൊഴിൽതർക്കം വന്നാൽ, ആ തർക്കത്തിൽ ഉന്നയിക്കുന്ന വാദമുഖങ്ങളെ സംബന്ധിച്ചു്, ഇരുഭാഗത്തേയും വക്കീലന്മാരുടെ പ്രസംഗങ്ങൾ കേട്ടു് നീതിന്യായമനുസരിച്ചു് റിപ്പോർട്ടു് ചെയ്യാൻവേണ്ടിയാണു് അദ്ദേഹത്തെ നിയമിച്ചിട്ടുള്ളതു്.

മിസ്റ്റർ പി. കെ. ഡീവർ: അഡ്ജൂഡിക്കേഷൻ റിപ്പോർട്ടു് അതാതു അവസരങ്ങളിൽ പ്രസിദ്ധപ്പെടുത്താറില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇദ്ദേഹത്തിന്റെ തീർപ്പിനെ സംബന്ധിച്ചു് വല്ല ആക്ഷേപങ്ങളും കിട്ടിയിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇനി വേറെ ഒരു അഡ്ജൂഡിക്കേറ്ററെ നിയമിക്കേണ്ടിവരുമ്പോൾ, വക്കീലന്മാരിൽ, വക്കീൽപണിയിൽനിന്നു് റിട്ടയർചെയ്ത ഒരാളെ നിയമിക്കാൻ ഭയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആരെയാണു് ഒരു ഉദ്യോഗത്തിൽ നിയമിക്കേണ്ടതു് എന്നുള്ള കാര്യം ബഹുമാനപ്പെട്ട സാമാജികന്മാർ അഭിപ്രായപ്പെടാതിരുന്നാൽ കൊള്ളാം എന്നാണു് എന്റെ അപേക്ഷ. ബഹുമാനപ്പെട്ട ചെറുതുരുത്തി മെമ്പർ, ഈ ഡിപ്പാർട്ടുമെണ്ടിന്റെ മന്ത്രിയായിരുന്നകാലത്തു്, ശ്രീമാൻ ശങ്കരമേനവനെ ബീഡിതൊഴിലാളി തർക്കം കൺസിലിയേറ്റചെയ്യാൻ നിയമിച്ചു. അങ്ങിനെ നിയമിച്ചശേഷം, അദ്ദേഹത്തിന്റെ പ്രവൃത്തി, രണ്ടു കക്ഷികൾക്കും വളരെ തൃപ്തികരമായി തോന്നത്തക്കവിധം നടത്തിക്കൊണ്ടിരിക്കെ ക്ഷ ക്ഷ ഫ വ്യക്തികത്തിൽ ഏതാനും തൊഴിൽതർക്കങ്ങൾകൂടി അഡ്ജൂഡിക്കേറ്റ ചെയ്യുവാൻ അദ്ദേഹത്തെ ഏല്പിക്കുന്നതു നന്നായിരിക്കുമെന്നു് ഗവൺമെണ്ടിനു തോന്നി. അതനുസരിച്ചു്, താല്ക്കാലിക നിയമമനുസരിച്ചു് ഏതാനും തൊഴിൽതർക്കംകൂടി അഡ്ജൂഡിക്കേറ്റചെയ്യാൻ അദ്ദേഹത്തെ ഏല്പിച്ചു. വളരെ ഭാരമേറിയ ചുമതല വഹിക്കുന്ന ഒരു ഉദ്യോഗമാണിതു്. നിഷ്പക്ഷനായ ഒരു ന്യായാധിപനായിരുന്നുകൊണ്ടു് രണ്ടു കക്ഷികളേയും തമ്മിൽതല്ലിക്കാതെ രഞ്ജിപ്പിച്ചുകൊണ്ടുപോകാനുള്ള സാമർത്ഥ്യവും, സർവ്വോപരി, മാഹാത്മ്യമേറിയ വ്യക്തിത്വവുമുള്ള ഒരാൾക്കു മാത്രമേ ഇതു് തൃപ്തികരമായ നിലയിൽ നിർവഹിക്കുവാൻ സാധിക്കുകയുള്ളു. ഇതെല്ലാം കൂടെച്ചൊക്കെ അദ്ദേഹത്തിൽ ഉണ്ടെന്നു തോന്നിയതുകൊണ്ടാണു് ഇതിനദ്ദേഹത്തെ നിയമിച്ചതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇരുകക്ഷികളേയും രഞ്ജിപ്പിക്കാനുള്ള സാമർത്ഥ്യം ജഡ്ജിയേക്കാൾ വക്കീലന്മാക്കല്ലേ കൂടുതൽ ഉണ്ടായിരിക്കുക?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വക്കീലിനെ നിയമിക്കുകയില്ലായെന്നു് പറഞ്ഞിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇപ്പോൾ എത്ര കേസ്സുകൾ നിലവിലുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ തൊഴിൽതർക്കങ്ങൾ നിലവിലിരിക്കുന്നുണ്ടു്.

Mr. K. Balakrishna Menon *(Cheruthuruthi):* What is the total number of Cases for 1122?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ക്ഷ ക്ഷ വ-ൽ ക്ഷ കേസ്സുകൾ അഡ്ജൂഡിക്കേഷനു റഫർചെയ്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. ഈശ്വരമേനോൻ: ഇപ്പോൾ നിലവിലിരിക്കുന്ന അഡ്ജൂഡിക്കേഷൻ അവസാനിക്കുന്നതുവരെ, അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി നീട്ടിക്കൊണ്ടു പോകുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹം ചെയ്യുന്ന അഡ്ജൂഡിക്കേഷൻ വേറെ ആരേയും ഏല്പിക്കുകയില്ല.

DIFFICULTIES OF BUS PASSENGERS—DETAILS REGARDING

7. Mr. Paramel Ipe Ipe (*Kunnamkulam*): Will Government be pleased to state.—

(*a*) whether the Government are aware of the extreme rush and hardship experienced by the bus passengers to get tickets from the Trichur bus stand booking office;

(*b*) whether the Government are aware that sickening foul smell emanates from the urinal near by the above booking office ?

Rao Bahadur T. K. Nayar *(Minister for Public Health)* :

(*a*) There is some rush and inconvenience on certain days especially in the evening hours. Want of sufficient arrangements at the stand and the booking office is the real cause. The Municipality has been asked to do the needful.

(*b*) At times, some bad smell used to emanate from the urinal. The Municipality has made arrangements for cleaning it.

Mr. Paramel Ipe Ipe *(Kunnamkulam):* In answer to (*a*), it is stated that want of sufficient arrangements at the stand and the booking office is the real cause. May I know what arrangement is required there?

Rao Bahadur T. K. Nayar *(Minister for Public Health):* Accommodation.

മിസ്റ്റർ പാറമേൽ അയ്പ് അയ്പ്: ബുക്കിങ്ങാപ്പീസിൽ urinal മൂലമുണ്ടാകുന്ന ദുർഗ്ഗന്ധം നിർത്താൻ സാധിക്കുകയില്ലേ?

റാവുബഹദൂർ ടി. കെ. നായർ: മുൻസിപ്പാലിറ്റിയാണ് അതു ചെയ്യേണ്ടതു്.

Mr. P. Kumaran Ezhuthassan: *(Vadakkancheri):* May I know, Sir, the arrangements made by the Municipality in answer to (b) are satisfactory?

റാവുബഹദൂർ ടി. കെ. നായർ: ഇപ്പോൾ വലിയ ആക്ഷേപങ്ങൾ ഉള്ളതായി കേൾക്കുന്നില്ല. വളരെ അധികം ആളുകൾ ബസ്സ്റ്റാൻഡിന്റെ അടുത്തു മൂത്ര വിസർജ്ജനത്തിനു് ഉപയോഗിക്കുന്നതുകൊണ്ടു്, ചില അവസരങ്ങളിൽ ദുർഗ്ഗന്ധമുണ്ടാകും. അതു വകവെച്ചു കൊടുക്കത്തക്ക വിധത്തിലുള്ള ഒരു വീഴ്ചയാണെന്നു തോന്നുന്നു. ഇതു ആക്ഷേപിക്കത്തക്ക വിധത്തിലുള്ള ഗൌരവം അതിനുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: വെടിപ്പു വരുത്തിക്കഴിഞ്ഞാൽ, ഏതൊരു കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടി അവിടെ പോകുന്നുവോ, ആ കാര്യം നിർവ്വഹിക്കാതെ, മടങ്ങിപോരേണ്ടി വരുന്നുണ്ടു്, എന്നുള്ളതറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: ക്ലീൻ ചെയ്തു കഴിഞ്ഞാൽ ഉടനെ അവിടെ ഫിനോയലിന്റെ വാസനയായിരിക്കും ഉണ്ടായിരിക്കുന്നതു് അല്ലാതെ അവിടെ പോകാൻ പാടില്ലാത്ത വിധത്തിൽ ദുർഗ്ഗന്ധമുണ്ടായിരിക്കാൻ വഴിയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എത്ര കാര്യത്തിനുവേണ്ടി അവിടെ ചെല്ലുന്നുവോ, ആ കാര്യം നടത്താൻ സാധിക്കാതെ മടങ്ങേണ്ടിവരുന്നുണ്ടു് എന്നുള്ളതു ഗവൺമെണ്ടിനറിയാമോ?

റാവു സാഹിബു് കെ. അയ്യപ്പൻ: ഇതിനു കേവലം മുൻസിപ്പാലിറ്റിയെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഇതിനു പരിഹാരമുണ്ടാക്കാൻ ജനങ്ങളും ഉത്സാഹിക്കേണ്ടതുണ്ടു്. പബ്ലിക്ക് ലാറ്റ്റിൻ ഉപയോഗിക്കുന്നതിലുള്ള ക്രമക്കേടുകൊണ്ടാണു് ഇങ്ങിനെ വരുന്നതു്. ജനങ്ങൾ അവരുടെ തല്ക്കാലത്തെ സൌകര്യത്തെ മാത്രമേ നോക്കുകയുള്ളൂ. പിന്നെ വരുന്നവരുടെ സൌകര്യങ്ങളൊന്നും അവർ കണക്കാക്കുകയില്ല. പക്ഷേ, ഇതിനു ജനങ്ങളെ കുറ്റം പറയാൻ പാടില്ല. ഇവിടെ വളരെക്കാലമായി പരിചയിച്ചിട്ടുള്ള ഒരു സമ്പ്രദായമാണിതു്. കുറേക്കാലംകൊണ്ടേ ഇതിനൊരു മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ. ഇതുകൊണ്ടു്, മുൻസിപ്പാലിറ്റി ഒന്നും ചെയ്യേണ്ടാ എന്നു് ഞാൻ പറഞ്ഞതിനർത്ഥമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇതിനെ തരണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ ഒന്നുമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly